# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.1218 04.02.2019 -ൽ മറുപടിയ്ക്ക്**

## പൊതുവിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താൻ ഇ-ഗവേണൻസ്

| ചോദ്യം | ഉത്തരം |
|---|---|
| **ഡോ.എം. കെ. മുനീർ**<br>**ശ്രീ.ടി.എ.അഹമ്മദ് കബീർ**<br>**ശ്രീ.പി.ഉബൈദുള്ള**<br>**ശ്രീ. ടി. വി. ഇബ്രാഹിം** | പ്രൊഫ: സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| എ) പൊതുവിദ്യാഭ്യാസത്തിന്റെ നിലവാരം മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | എ) പൊതുവിദ്യാലയങ്ങളിലെ അക്കാദമികവും ഭൗതികവുമായ നിലവാരം മെച്ചപ്പെടുത്തുന്നതിനായി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. ഇതിന്റെ ഭാഗമായി 8 മുതൽ 12 വരെ ക്ലാസുകളുള്ള സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലും ഐടി ഉപകരണങ്ങൾ, ഡിജിറ്റൽ വിഭവങ്ങൾ, അതിവേഗ ഇന്റർനെറ്റ് കണക്ടിവിറ്റി, അദ്ധ്യാപകർക്കും തെരഞ്ഞെടുത്ത വിദ്യാർത്ഥികൾക്കും പ്രത്യേക പരിശീലനം തുടങ്ങിയവ ലഭ്യമാക്കി. ഡിജിറ്റൽ വിഭവങ്ങളും ആസൂത്രണ രേഖകളും വികസിപ്പിക്കുന്നതിന് സമഗ്ര വിദ്യാഭ്യാസ പോർട്ടലിന് രൂപം നൽകി. പാഠപുസ്തകങ്ങൾ മെച്ചപ്പെടുത്തുന്നതിനും പഠനബോധനക്രിയ ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചു. സ്കൂൾ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട വിവിധ മേഖലകളിൽ ഗവേഷണ പഠനങ്ങൾ സംഘടിപ്പിച്ചു. പ്രളയവുമായി ബന്ധപ്പെട്ട് ദുരന്ത നിവാരണത്തിനുള്ള സന്നദ്ധത വികസിപ്പിക്കുന്നതിന് യൂണിസെഫിന്റെ സഹകരണ ത്തോടെ വിവിധ പദ്ധതികൾ ആവിഷ്കരിച്ചു. അടിസ്ഥാന സൗകര്യ വികസനത്തിനായി തെരഞ്ഞെടുത്ത സ്കൂളുകളിൽ കെട്ടിടങ്ങൾ നിർമ്മിക്കുകയും ഹൈസ്കൂൾ - ഹയർസെക്കണ്ടറി സ്കൂളുകൾ ഹൈടെക് ആക്കി മാറ്റുകയും ചെയ്തു. സ്കൂളുകളിൽ ജൈവവൈവിധ്യ ഉദ്യാനങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു. അടിസ്ഥാന സൗകര്യങ്ങൾ, അക്കാദമിക പദ്ധതികൾ എന്നിവ മുൻ നിർത്തി സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 2018-19 അദ്ധ്യയന വർഷം നടപ്പിലാക്കേണ്ട അക്കാദമിക പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്ന അക്കാദമിക മാസ്റ്റർ പ്ലാനിനും രൂപം നൽകുകയുണ്ടായി. |

| | | | |
|---|---|---|---|
| ബി | പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിനായി സമഗ്ര ഇ-ഗവേണൻസ് സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ ; | ബി) | ഉണ്ട്, നവീകരിച്ച ഹൈടെക് ക്ലാസ് മുറികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിനും പ്രവർത്തനാധിഷ്ഠിത ക്ലാസ് മുറികൾ യാഥാർത്ഥ്യമാക്കുന്നതിനും സഹായകമായ വിധത്തിൽ പഠന വിഭവങ്ങൾ ഉൾപ്പെടുന്ന 'സമഗ്ര' വിഭവ പോർട്ടൽ സജ്ജമാക്കി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ക്ലാസ് മുറികളിൽ പഠനബോധന തന്ത്രങ്ങൾ കൂടുതൽ ഫലപ്രദമായി അവതരിപ്പിക്കുവാൻ സഹായകമായ പാഠാസൂത്രണങ്ങളുടെ ബൃഹത്‌ശേഖരം ആണ് സമഗ്ര പോർട്ടൽ. ഒന്നു മുതൽ പന്ത്രണ്ട് വരെ ക്ലാസുകളിലെ വിവിധ വിഷയങ്ങളുടെ 5.5 ലക്ഷം സമഗ്രാസൂത്രണ രേഖകളും 8.89 ലക്ഷം സൂക്ഷ്മാസൂത്രണ രേഖകളും 24388 ഡിജിറ്റൽ റിസോഴ്സുകളും ഇതിൽ ലഭ്യമാക്കിയിട്ടുണ്ട്. അനുയോജ്യമായ പഠനതന്ത്രങ്ങൾ, പഠനസാമഗ്രികൾ, ഡിജിറ്റൽ റിസോഴ്സുകൾ, മൂല്യനിർണയ പ്രവർത്തനങ്ങൾ എന്നിവ അടങ്ങിയതാണ് ഇതിന്റെ ഘടന. |
| സി) | പ്രസ്തുത ഇ-ഗവേണൻസ് നടപ്പിലാക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | സി) | 'സമഗ്ര'വിഭവ പോർട്ടൽ സജ്ജമാക്കി എല്ലാ അദ്ധ്യാപകർക്കും വിദ്യാഭ്യാസ ഓഫീസർക്കുമായി ലഭ്യമാക്കി. ഒന്നു മുതൽ പന്ത്രണ്ട് വരെ ക്ലാസുകളിലെ വിവിധ വിഷയങ്ങളുടെ 5.5 ലക്ഷം സമഗ്രാസൂത്രണ രേഖകളും 8.89 ലക്ഷം സൂക്ഷ്മാസൂത്രണ രേഖകളും 24388 ഡിജിറ്റൾ റിസോഴ്സുകളും ഇതിൽ ഉൾപ്പെടുത്തി.ഹൈസ്കൂൾ, ഹയർസെക്കന്ററി വിഭാഗങ്ങളിലെ എല്ലാ അദ്ധ്യാപകർക്കും വിഷയാധിഷ്ഠിതമായി 'സമഗ്ര' ഉപയോഗിക്കുന്നതിന് പ്രത്യേക പരിശീലനം നൽകി. 'സമഗ്ര'യുടെ ഉപയോഗം ഉറപ്പുവരുത്തുന്നതിനും പരിശോധിക്കുന്നതിനുമായി എല്ലാ ഹൈസ്കൂൾ, ഹയർസെക്കന്ററി പ്രഥമാദ്ധ്യാപകർക്കും പരിശീലനം നൽകി. |

സെക്ഷൻ ഓഫീസർ